# Malayala Manorama

## 27 August 2018

## Kochi, After Flood, More Central Assistance

# കേരളത്തിനു കൂടുതൽ കേന്ദ്ര സഹായം നൽകണം: നുസ്റത് അലി

കൊച്ചി • പ്രളയക്കെടുതിയിലായ കേരളത്തിനു കൂടുതൽ കേന്ദ്ര സഹായം അനുവദിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി ദേശീയ അസിസ്റ്റന്റ് അമീർ നുസ്റത് അലി ആവശ്യപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ സജീവ പങ്കാളിത്തമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ പുനർനിർമാണത്തോടൊപ്പം ജനമനസ്സുകളുടെ പുനർ നിർമാണവും സാധ്യമാകണമെന്ന് അസിസ്റ്റന്റ് അമീർ ടി. ആരിഫലി പറഞ്ഞു. ജില്ലയിലെ ദുരിതബാധിത പ്രദേശങ്ങളും ദുരിതാശ്വാസ ക്യാംപുകളും ഇവർ സന്ദർശിച്ചു.